**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5057** **04-07-2024 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (എ) | 14.12.2021 |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ഇതുവരെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ക്ലാസ് മുറികൾക്ക് KER പ്രകാരമുള്ള അളവുകൾ ഇല്ലാത്തതിനാലാണ് ഫിറ്റ്നസ് ലഭിക്കാത്തത്. |
| (സി) | പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 10.06.2024 ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും സംയുക്തമായി നടത്തിയ യോഗത്തിൽ സ്കൂളുകൾക്ക് ഫിറ്റ്നസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിന്റെ പ്രശ്നം കൂടി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ